പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4723 27.06.2014-ലെ മറുപടിക്ക്

## യഥാസമയം പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ

ചോദ്യം

ഉത്തരം

ശ്രീ. ഹൈബി ഈഡൻ

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ നഗരകാര്യ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേയും എൽ.ഡി.ക്ലാർക്കുമാരുടേയും എൽ.ഡി.ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി-ക്ക് റിപ്പോർട്ടു ചെയ്യുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഇല്ല. നഗരസഭകളിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നഗരകാര്യ വകുപ്പിൽ നിന്നും ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. |
| (ബി) | നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | നാളിതുവരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി)) | 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; അത്തരം ഒഴിവുകൾ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; വിശദാംശം അറിയിക്കുമോ? | (സി) | എൽ.ഡി.സി. /ബി.സി തസ്തികയിൽ 31.08.2014 വരെ ഉണ്ടാകാനിടയുള്ള 7 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 4 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ